# നവകേരളം വാർത്ത

2023 ഫെബ്രുവരി 16-28     ന്യൂസ് ലെറ്റർ

## നവകേരളം : വൃത്തിയുള്ള കേരളം, വലിച്ചെറിയൽമുക്ത കേരളം ഒത്തുചേർന്ന് ജനകീയ കാമ്പയിൻ പ്രവർത്തനം




**നവകേരളം വൃത്തിയുള്ള കേരളം**

വൃത്തിയുള്ള നവകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യഘട്ട പ്രവർത്തനമായി കേരളം ഇന്ന് ഏറ്റെടുത്തിരിക്കുന്ന നവകേരളം വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ സജീവമായി പുരോഗമിക്കുന്നു. നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായാണ് ഈ കാമ്പയിൻ നടപ്പിലാക്കി വരുന്നത്.

ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെ 2025 ഓടെ വൃത്തിയുള്ള നവകേരളം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാനാണ് പ്രവത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

2023 ജനുവരി 26 മുതൽ 30 വരെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും തുടക്കമിട്ട ജനകീയ ശുചീകരണത്തോടെയാണ് വലിച്ചെറിയൽ മുക്ത കാമ്പയിൻ പ്രവത്തനങ്ങൾ കേരളം ഏറ്റെടുത്തത്. പാതയോരങ്ങളിലെയും പൊതുസ്ഥലങ്ങളിലെയും മാലിന്യ നിക്ഷേപ സ്ഥലങ്ങൾ ജനകീയ സമിതികളുടെ പിന്തുണയോടെ കണ്ടെത്തുകയും ജനകീയമായി അവ നീക്കം ചെയ്യുകയും ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇപ്രകാരം നീക്കം ചെയ്യപ്പെടുന്ന മാലിന്യങ്ങളിൽ അജൈവ മാലിന്യങ്ങൾ തരംതിതിരിച്ച് ക്ലീൻ കേരള കമ്പനി വഴി സുരക്ഷിത സംസ്കരണത്തിനായി കൈമാറാനും ജൈവമാലിന്യങ്ങളെ അതാത് പ്രദേശങ്ങളിൽ സുരക്ഷിതമായി സംസ്കരിച്ച് ജൈവ വളമാക്കി മാറ്റാനുമാണ് പദ്ധതിയിട്ടിട്ടുള്ളത്. ജനുവരി 26 ന് റിപ്പബ്ളിക് ദിനാഘോഷങ്ങളുടെ തുടച്ചയായി ആരംഭിച്ച വൃത്തിയുള്ള നവകേരളം വലിച്ചെറിയൽ മുക്ത കാമ്പയിന്റെ ഭാഗമായി ഫെബ്രുവരി 10 നിടയിൽ 730 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ശുചീകരണം നടന്നത്. 2687 പ്രദേശങ്ങളിലെ മാലിന്യം പൂർണമായി നീക്കം ചെയ്തു. 68121 ആളുകൾ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

കാമ്പയിന്റെ ഭാഗമായി ഇതിനോടകം 318,966 കിലോഗ്രാം മാലിന്യമാണ് സംസ്ഥാനത്ത് 14 ജില്ലകളിലെയും വിവിധ ഇടങ്ങളിൽ നിന്നായി നീക്കം ചെയ്തത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പൊതുഇടം കണ്ടെത്തി ശുചീകരിച്ചു കൊണ്ടായിരുന്നു കാമ്പയിന് തുടക്കം കുറിച്ചിരുന്നത്. കണ്ടെത്തിയ മാലിന്യ കൂനകളും കൃത്യമായി നീക്കം ചെയ്തു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് സർക്കാർ വകുപ്പുകൾ തുടങ്ങിയവയൊക്കെ കാമ്പയിന്റെ ഭാഗമായി. ജനകീയ ശുചീകരണത്തിന് ശേഷം ശേഖരിച്ച മാലിന്യങ്ങൾ തരംതിരിച്ചു ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും വൃത്തിയാക്കിയ പൊതു ഇടങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ ചെടികൾ നട്ടും മറ്റും സൗന്ദര്യവത്ക്കരിക്കുകയും ചെയ്തു.

# ആരോഗ്യ കേരളം അടിസ്ഥാന ആവശ്യം : മന്ത്രി വീണാ ജോർജ്

## ഏലൂർ നഗരസഭാ കുടുംബാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു




സംസ്ഥാനത്ത് ആരോഗ്യ കേരളം കെട്ടിപ്പെടുക്കുക എന്നതാണ് അടിസ്ഥാനപരമായ ആവശ്യമെന്ന്ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. എറണാകുളം ജില്ലയിലെഏലൂർ നഗരസഭാ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്ര മായി ഉയർത്തുകയും പുതിയ കെട്ടി ടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഒരു ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുമ്പോൾ അതിന്റെ ലക്ഷ്യം അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വരുത്തുക എന്നതാണ്. മറ്റ് ലാബുകളിലും ദൂരെയുള്ള ആശുപത്രികളിലും നടത്തേണ്ട പരിശോധനകൾ നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന സാഹചര്യം ഉണ്ടാകണം. ശ്വാസ്, ആശ്വാസ് ക്ലിനിക്ക് എന്നിവ ഉൾപ്പെടുന്ന സ്പെഷ്യാലിറ്റി ക്ലിനിക്ക് ഇവിടെ ഉണ്ടാകണം. പ്രദേശത്തുള്ളവർക്ക് രോഗമുണ്ടായാൽ ആദ്യം ആരോഗ്യ കേന്ദ്രത്തെ സമീപിക്കാനാകണം. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതോടെ കേരളത്തിലെ സർക്കാർ ആശുപത്രികൾ പരസ്പരം ബന്ധപ്പെടുത്താനാകും. ലാബ് റിസൾട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ രോഗിയുടെ ഐ.ഡി. വഴി മനസിലാക്കാനാകും. മൂന്ന് ഡോക്ടർമാരുടെ സേവനം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാകും. വൈകിട്ട് ആറുവരെ ഒ.പി സൗകര്യം ലഭ്യമാകും.

സംസ്ഥാന സർക്കാരിന്റെ നാലു മിഷനുകളിൽ ഒന്നായ ആർദ്രം മിഷനിലൂടെ ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും എത്തുന്ന രോഗികൾക്ക് അവിടുത്തെ പൊതു അന്തരീക്ഷം രോഗി സൗഹൃദവും ജനസൗഹൃദവും ആക്കുക എന്നുള്ളതാണ് ലക്ഷ്യമാക്കുന്നത്. ഇരിക്കാൻ നല്ല കസേരകളും കാത്തിരിപ്പ് സ്ഥലവും സാന്ത്വനിപ്പിക്കുന്ന അന്തരീക്ഷവും ഓരോ ആശുപത്രികളിലും ഉണ്ടാകുക എന്നത് പരമ പ്രധാനമായ കാര്യമാണ്. അതോടൊപ്പം ഏറ്റവും നൂതനമായ ചികിത്സാ സൗകര്യങ്ങളും നമ്മുടെ ആശുപത്രികളിൽ കൊണ്ടു വരിക എന്നുള്ളതും പ്രധാനമാണ്. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ഒട്ടേറെ കാര്യങ്ങൾ ഇതിൽ ഉൾപ്പെടും.

വൈകാതെ കളമശ്ശേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകും. ക്രിട്ടിക്കൽ കെയർ ബ്ലോക്ക് അനുവദിച്ചിട്ടുണ്ട്. പീഡിയാട്രിക് സെൻറർ ഓഫ് എക്സലൻസിന്റെ ഭാഗമായി രണ്ടര കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ലക്ഷ്യങ്ങളായ രോഗ നിർമ്മാർജ്ജനം, രോഗ പ്രതിരോധം, ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം, അവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ്.

വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഹൈബി ഈഡൻ എം.പി. മുഖ്യാതിഥി ആയി. ദേശീയ ആരോഗ്യ ദൗത്യം 55 ശതമാനവും നാഷണൽ മിനറൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (എൻ.എം.ഡി.സി.) 45 ശതമാനവും തുക ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി നബാർഡ് ഫണ്ട് രണ്ട് കോടി ഉപയോഗിച്ച് നിർമ്മിച്ച ചെങ്ങന്നൂർ ജി.വി.എച്ച്.എസ്.എസ്. വിദ്യാഭ്യാസ സമുച്ചയം ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ പി.എ. മുഹമ്മദ് റിയാസ്, സജി ചെറിയാൻ, കൊടിക്കുന്നിൽ സുരേഷ് എം.പി., പി.സി. വിഷ്ണുനാഥ് എം.എൽ.എ., ജനപ്രതിനിധികൾ, സംഘടന നേതാക്കൾ, വിവിധ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, അധ്യാപകർ തുടങ്ങിയവർ സംബന്ധിച്ചു.



# ലൈഫ് പദ്ധതി : നാല് ഭവന സമുച്ചയങ്ങൾ ഉദ്ഘാടനത്തിന് സജ്ജം



ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച നാലു ഭവന സമുച്ചയങ്ങൾ ഉദ്ഘാടനത്തിന് സജ്ജമായി. കണ്ണൂർ, കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലാണ് ഈ ഫ്ളാറ്റുകൾ പൂർത്തീകരിച്ചത്. ഈ സമുച്ചയങ്ങളിലെ പൊതു ഇടങ്ങളിൽ വെളിച്ചത്തിനായി സോളാർ ലൈറ്റിംഗ് പാനലുകളാണ് സജ്ജമാക്കുന്നത്. കൊല്ലം ജില്ലയിലെ ഭവന സമുച്ചയത്തിൽ ഇതിനകം ഇതു സ്ഥാപിച്ചു കഴിഞ്ഞു.

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ സുകുമാരൻ വൈദ്യർ ദാനം ചെയ്ത രണ്ടര ഏക്കർ ഭൂമിയിൽ ഫ്ളാറ്റു നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറായി. 114 കുടുംബങ്ങൾക്കുള്ള സൗകര്യമാണ് ഇവിടെ ഒരുക്കുന്നത്.

# ഹരിത കർമസേനക്ക് ഫയർആൻഡ് സേഫ്റ്റി പരിശീലനം

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് കുന്നമംഗലം ബ്ലോക്കിലെ 8 പഞ്ചായത്തുകളിലെയും തിരഞ്ഞെടുത്ത ഹരിത കർമ്മസേന അംഗങ്ങൾക്ക് ഫയർ ആന്റ് സേഫ്റ്റി പരിശീലനം നല്കി. എം.സി.എഫ്. /എം.ആർ.എഫ്. കേന്ദ്രങ്ങളിൽ തീപിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട മുൻ കരുതൽ സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പരിശീലനം നല്കിയത്. വെള്ളിമാടുകുന്ന് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഉദ്യോഗസ്ഥർ പരിശീലനത്തിന് നേതൃത്വം നല്കി.

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് രാജീവ് ഗാന്ധി സേവാഘർ ഹാളിൽ നടന്ന പരിപാടി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബു നെല്ലൂളി ഉദ്ഘാടനം ചെയ്തു. വെള്ളിമാടുകുന്ന് ഫയർ ആൻഡ് റെസ്ക്യൂ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഒ.കെ. അശോകന്റെ നേതൃത്വത്തിൽ ഫയർ ആൻഡ് സേഫ്റ്റി ഓഫീസർ സിനീഷ്, ഹോം ഗാർഡ് ബാലകൃഷ്ണൻ എന്നിവർ പരിശീലനം നയിച്ചു. അഗ്നിസുരക്ഷ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ, പൊള്ളലേറ്റാൽ ചെയ്യേണ്ട കാര്യങ്ങൾ, അഗ്നിശമന ഉപകരണം ഉപയോഗിക്കേണ്ട രീതികൾ, ഗ്യാസ് കുറ്റികൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാം, സി.പി.ആർ. നല്കേണ്ട രീതി, ഭക്ഷണമോ മറ്റോ തൊണ്ടയിൽ കുടുങ്ങിയാൽ രക്ഷപെടുത്തേണ്ട രീതി, പാമ്പ് കടിയേറ്റാൽ സ്വീകരിക്കേണ്ട മുൻകരുതൽ എന്നിവയെ കുറിച്ച് ക്ലാസ്സ് എടുത്തു.

എം.സിഎഫിലേക്ക് എത്തിക്കാൻ പാടില്ലാത്ത പാഴ്വസ്തുക്കൾ എം.സി. എഫിൽ ജോലി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട മുൻകരുതൽ, എം.സി.എഫ്, എം.ആർ.എഫുകളിലെ തീപിടുത്ത സാധ്യത ഒഴിക്കാൻ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകൾ എന്നിവ സംബന്ധിച്ചു ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ക്ലാസ്സെടുത്തു. പരിപാടിയിൽ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ ലിനീഷ്, പെരുവയൽ ഹരിത കർമ്മസേന സെക്രട്ടറി സ്മിത എന്നിവർ സംസാരിച്ചു. ബ്ലോക്കിലെ ഓരോ പഞ്ചായത്തിൽ നിന്നും 10 ഹരിത കർമ്മസേന അംഗങ്ങൾ എന്ന നിലയിൽ തിരഞ്ഞെടുത്ത 80 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.






# വലിച്ചെറിയൽ മുക്ത ജില്ല കാമ്പയിനോടൊപ്പം കണ്ണൂർ ജില്ലയിൽ തണ്ണീർത്തട ദിനാചരണവും

വലിച്ചെറിയൽ മുക്ത ജില്ല കാമ്പയിനോടൊപ്പം കണ്ടൽ വനങ്ങളിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂടി ശേഖരിച്ച് വിവിധ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ തണ്ണീർത്തട ദിനാചരണം സംഘടിപ്പിച്ചു.

ഫെബ്രുവരി രണ്ടാണ് ലോകതണ്ണീർത്തട ദിനമായി ആചരിക്കുന്നത്. എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിനു സമീപമുള്ള കണ്ടൽക്കാടുകൾ ശുചീകരിച്ചാണ് തണ്ണീർതട ദിനാചരണത്തോടൊപ്പം വലിച്ചെറിയൽമുക്ത ജില്ല കാമ്പയിനും സംഘടിപ്പിച്ചത്. പ്രകൃതി ഭംഗി കൊണ്ടും വൈവിധ്യമാർന്ന കണ്ടൽചെടികൾ കൊണ്ടും സമ്പന്നമാണീ സ്ഥലം എന്നാൽ ഇവിടം ജൈവ - അജൈവ മാലിന്യ നിക്ഷേപങ്ങൾ കാരണം വൻ ദുരന്ത ഭീഷണി നേരിടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ, കേരള വനം വന്യജീവി വകുപ്പ്, വൈൽഡ്‌ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ മാൻഗ്രോവ് ക്ലീൻ അപ്പ് ഡ്രൈവ് എന്ന പേരിൽ ശുചീകരണ പരിപാടി സംഘടിപ്പിച്ചത്. ശുചീകരണപരിപാടിയ്ക്കു ഹരിതകേരളം മിഷൻ ജില്ലാകോർഡിനേറ്റർ ഇ.കെ. സോമശേഖരൻ സ്വാഗതം പറഞ്ഞു. എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീഷ എം.പി. അധ്യക്ഷത വഹിച്ചു. തലശ്ശേരി സബ്കളക്ടർ സന്ദീപ് കുമാർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കണ്ണൂർ ഡി.എഫ്.ഒ. പി. കാർത്തിക് ഐ.എഫ്.എസ്. പരിപാടിയുടെ വിശദീകരണവും, എം. രാജീവൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫീസർ, സോഷ്യൽ ഫോറസ്ട്രി മുഖ്യ പ്രഭാഷണവും നടത്തി.

---


മുമ്പ്


ശേഷം

# ക്ലീൻ പാറയ്ക്കൽ ഗ്രീൻ പാറയ്ക്കൽ

ഒരു ചെറിയ പ്രദേശത്തെ ജനകീയമായ ഇടപെടൽ സാധ്യതകളുടെ മാതൃകയായി തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിലെ പാറയ്ക്കൽ. 'ക്ലീൻ പാറയ്ക്കൽ ഗ്രീൻ പാറയ്ക്കൽ' പദ്ധതിയുടെ ഭാഗമായി പാറയ്ക്കൽ ഗവ. യു.പി.എസിലെ വിദ്യാർത്ഥികളും അധ്യാപകരും പ്രദേശവാസികളും ചേർന്ന് ജനകീയ കമ്മറ്റി രൂപീകരിച്ച് പ്രദേശത്തെ പൊതു കിണറും പരിസരവും വൃത്തിയാക്കി, മാലിന്യം വലിച്ചെറിയാത്ത രീതിയിൽ ആകർഷകമാക്കി മാറ്റിയിരിക്കുകയാണ്.

# തൃക്കാക്കരയിൽ പൊതു സ്ഥലത്തെ മാലിന്യം നീക്കം ചെയ്ത് ഹരിതകേരളം ടീം



വലിച്ചെറിയൽ മുക്തകേരളം കാമ്പയിന്റെ ഭാഗമായി തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ പടമുകൾ കമ്പി വേലിക്കകം കോളനി പ്രദേശത്തെ മാലിന്യം ഹരിതകേരളം എറണാകുളം ജില്ല ടീമംഗങ്ങൾ നീക്കം ചെയ്തു.

ഹരിതകർമ്മസേന അംഗങ്ങൾക്കും, തൊഴിലുറപ്പ് തൊഴിലാളികൾക്കും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഐക്യദാർഢ്യം അറിയിച്ചുകൊണ്ടാണ് ഒന്നര ടൺ മാലിന്യ കൂമ്പാരം നീക്കം ചെയ്തത്. ശേഖരിച്ച മാലിന്യത്തിന്റെ ഓഡിറ്റിംഗ് നടത്തുകയും ഈ മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുകയും ചെയ്തു. തുടർന്ന് അവിടെ ഫലവൃക്ഷത്തൈകൾ നടുകയും പരിപാലനം ഉറപ്പു വരുത്തുകയും ചെയ്തു. ഹരിതകേരളം മിഷൻ എറണാകുളം ജില്ലാ ടീം അംഗങ്ങൾ, ഹരിതകർമ്മസേന അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. കൗൺസിലർ സെൽമ ഷിഖാബ്, നവകേരളം കർമ്മപദ്ധതി എറണാകുളം ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, റിസോഴ്സ് പേഴ്സൺമാരായ പി.വി. വനജ, കെ.ടി. രതഭായ്, പി.പി. അനികുമാർ, ശാലിനി ബിജു, എ.എ. സുരേഷ്, സെറീന സേവ്യർ, പാർവതി എസ്. കുറുപ്പ്, വി.എച്ച്. ഷാഫി, എം.എ. ഹാഷിം, വി.എസ്. സൂര്യ, ജൂലിയ ഡി. ദേവസ്സി, ജോയ് ജെഫിൻ, ടി.എസ്. ദീപു, ലിനു വി. ചീരൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# കണ്ടൽക്കാട്ടിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി



കണ്ടൽ വനങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമ പഞ്ചായത്തിൽ തണ്ണീർത്തട ദിനാചരണം സംഘടിപ്പിച്ചു. പഴയങ്ങാടി തീരദേശ റോഡിനു സമീപമുള്ള കണ്ടൽക്കാടുകളിലാണ് ഹരിതകേരളം മിഷൻ, കേരള വനം വന്യജീവി വകുപ്പ്, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ഏഴോം ഗ്രാമപഞ്ചായത്ത് എന്നിവ ചേർന്ന് ശുചീകരണ പരിപാടി സംഘടിപ്പിച്ചത്. ഏഴോം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഗോവിന്ദൻ അധ്യക്ഷനായി. റൂറൽ എസ്.പി. ഹേമലത മുഖ്യാതിഥിയായി. കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പി. കാർത്തിക്ക് പദ്ധതി വിശദീകരണം നടത്തി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, അസി. ഫോറസ്റ്റ് കൺസർവേറ്റർ എം. രാജീവൻ, സ്ഥിരം സമിതി അധ്യക്ഷൻ പി.കെ. വിശ്വനാഥ്, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ സംസ്ഥാന ഫെസിലിറ്റേറ്റർ എം. രമിത്ത് എന്നിവർ സംസാരിച്ചു. പോലീസ്, വനം വകുപ്പ് ഉദ്യോഗസ്ഥർ, എൻ.സി.സി. കേഡറ്റുമാർ, ഹരിതകർമ്മസേനാ അംഗങ്ങൾ, ഭരണസമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ശുചീകണത്തിൽ പങ്കെടുത്തു.



നീല
പച്ച
ചുവപ്പ്

# കുട്ടികൾക്കായുള്ള പരിസ്ഥിതിപഠന ക്യാമ്പ്

പ്രകൃതിയെ അറിഞ്ഞ്, പാട്ടുപാടി, കൃഷിയൊരുക്കി പെരുമ്പടപ്പ് എ.എം. എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾ. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി മലപ്പുറം ഹരിതകേരളം മിഷന്റെയും പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ പെരുമ്പടപ്പ് എ.എം.എൽ.പി സ്കൂളിൽ കുട്ടികൾക്കായി ദ്വിദിന പരിസ്ഥിതി പഠനക്യാമ്പ് ജനുവരി 24, 25 തീയ്യതികളിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ബിനീഷ മുസ്തഫ നിർവഹിച്ചു. നവകേരളം കർമ്മ പദ്ധതി റിസോഴ്സ് പേഴ്സൺ മിഥുന ഷിബിൻ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ക്ലാസ്സെടുത്തു. കുട്ടികൾക്ക് തൈകൾ വിതരണം ചെയ്യുകയും ചെയ്തു. പിറ്റേന്ന് സ്കൂളിൽ പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു. വിദ്യാർത്ഥികൾ തന്നെ ശേഖരിച്ച് കൊണ്ട് വന്ന വിത്തുകളും ചാക്കുകളുമാണ് കൃഷിക്കായി ഉപയോഗിച്ചത്. ആട്ടവും പാട്ടുമായി എല്ലാ കുട്ടികളും പഠനക്യാമ്പിൽ സജീവമായി പങ്കെടുത്തു.

മലപ്പുറം ജില്ലയിലെ മേലാറ്റൂർ പഞ്ചായത്തിൽ വാർഡ് എട്ടിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച കുളം





## ജലാഞ്ജലി നീരുറവ് പദ്ധതിയിൽ

# കേളകത്ത് തടയണകളുടെ നിർമ്മാണം

കേളകം ഗ്രാമപഞ്ചായത്തിലെ ചീങ്കണ്ണി, ബാവലി പുഴകളിലും തോടുകളിലും താൽകാലികമായി നിർമ്മിക്കുന്ന തടയണകളുടെ നിർമ്മാണം തുടങ്ങി. പഞ്ചായത്ത്തല ഉദ്ഘാടനം അടയ്ക്കാത്തോട് കോച്ചിക്കുളം ചീങ്കണിപ്പുഴയിൽ പഞ്ചായത്ത് പ്രസിഡന്റ് സി.ടി. അനീഷ് നിർവഹിച്ചു. വാർഡ് മെമ്പർ ബിനു മാനുവൽ അധ്യക്ഷനായി.വൈസ് പ്രസിഡന്റ് തങ്കമ്മ മേലെക്കൂറ്റ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ സജീവൻ പാലുമി, ടോമി പുളിക്കക്കണ്ടം, പഞ്ചായത്തംഗം ജോണി പാമ്പാടിയിൽ, കൃഷി ഓഫീസർ കെ ജി സുനിൽ, തൊഴിലുറപ്പ് എ.ഇ. അഞ്ജു ഷാജി, കെ.എസ്. ഷാജി തുടങ്ങിയവർ സംസാരിച്ചു. കുറഞ്ഞ കാലത്തേക്കുള്ള ജലസംഭരണത്തിനായാണ് താൽകാലിക തടയണകൾ നിർമ്മിക്കുന്നത് ഇവ ജലനിരപ്പുയർത്തുകയും സമീപ പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ സജീവമാക്കുകയും ചെയ്യും. കഴിഞ്ഞ വർഷം മലയോരത്ത് ഏറ്റവും അധികം തടയണകൾ നിർമ്മിച്ച പഞ്ചായത്ത് കൂടിയാണ് കേളകം പഞ്ചായത്ത്.





എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനക്ക് ഹരിത സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി സോപ്പ് നിർമ്മാണത്തിൽ പരിശീലനം നല്കി. പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് ഇ പി ജോർജ് ഉദ്ഘാടനം ചെയ്തു.



# മാപത്തോൺ പ്രവർത്തനം പുരോഗമിക്കുന്നു

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന “സുരക്ഷിതമാക്കാം പശ്ചിമഘട്ടം” പദ്ധതിയിലെ നീർച്ചാലുകളുടെ മാപ്പിങ്ങ് പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. മാപത്തോൺ പ്രവർത്തനങ്ങൾക്കായി വിവിധ പ്രദേശങ്ങളെ ഗ്രിഡുകളായി വേർതിരിച്ചിട്ടുള്ള 250 മാപുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ഈ മാപ്പുകൾ ഉപയോഗിച്ച് പശ്ചിമഘട്ട പ്രദേശങ്ങളിലെ 9 ജില്ലകളിലെ 29 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് വിസിറ്റ് നടത്തി മാപ്പത്തോൺ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് വിസിറ്റ് നടന്നു വരുകയാണ്.







കൊല്ലം ജില്ലയിലെ മാപ്പത്തോൺ ആസൂത്രണം ചെയ്തിട്ടുള്ള ഏഴ് ഗ്രാമപഞ്ചായത്തുകളിൽ നാല് എണ്ണവും പത്തനംതിട്ട ജില്ലയിൽ 16 ഗ്രാമപഞ്ചായത്തുകളിൽ 3 എണ്ണവും പൂർത്തീകരിച്ചു. കോട്ടയം ജില്ലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ 10 എണ്ണവും ഇടുക്കി ജില്ലയിൽ 49 ഗ്രാമപഞ്ചായത്തുകളിൽ ഒന്നും എറണാകുളം ജില്ലയിൽ 17 ഗ്രാമപഞ്ചായത്തുകളിൽ 2 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 51 ഗ്രാമപഞ്ചായത്തുകളിൽ ഒന്നും കോഴിക്കോട് ജില്ലയിൽ 14 ഗ്രാമപഞ്ചായത്തുകളിൽ 1 എണ്ണവും വയനാട് ജില്ലയിൽ 26 ഗ്രാമപഞ്ചായത്തുകളിൽ 5 എണ്ണവും കണ്ണൂർ ജില്ലയിൽ 20 ഗ്രാമപഞ്ചായത്തുകളിൽ 2 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും നേതൃത്വത്തിൽ പശ്ചിമഘട്ട പ്രദേശങ്ങൾ ഉൾപ്പെടുന്ന 230 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. കേരള സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന മാപത്തോൺ കേരള പ്രക്രിയയിൽ ഉൾപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ നീർച്ചാൽ ശൃംഖല പൂർണമായി കണ്ടെത്തി മാപ് ചെയ്താണ് ഈ പ്രവർത്തനം നടത്തുന്നത്. പദ്ധതിയുടെ അടുത്ത ഘട്ടമായി നീർച്ചാലുകളുടെ തടസങ്ങൾ നീക്കി നീരൊഴുക്ക് വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01